**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 118** **23-08-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി മധു വധക്കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഐ .സി .ബാലകൃഷ്ണൻ , ശ്രീ പി സി വിഷ്ണുനാഥ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | അട്ടപ്പാടി മധു വധക്കേസിൽ സർക്കാർ നിയമിച്ച രണ്ട് പ്രോസിക്യൂട്ടർമാർക്കും അലവൻസുകളോ സൗകര്യങ്ങളോ അനുവദിക്കാത്തത് കാരണം പിന്മാറിയ സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | സർക്കാർ അലവൻസുകളോ മറ്റ് സൗകര്യങ്ങളോ അനുവദിക്കാത്ത കാരണം കൊണ്ട് സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ പിൻമാറിയ സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | പ്രസ്തുത കേസിൽ സാക്ഷികൾ കൂറുമാറുന്നത് സർക്കാരിന്റെ അനാസ്ഥ കാരണമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **വിചാരണയ്ക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെ തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡി.വൈ.എസ്.പി. പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹു.കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ, കേസിൽ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമം നടക്കുന്നതായി ബഹു.കോടതി മുമ്പാകെ ലഭ്യമായ രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച് ബഹു.കോടതി 20.08.2022.ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**കൂറുമാറിയ സാക്ഷികൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 193 വകുപ്പ് പ്രകാരം ബഹു.കോടതിയാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇത് സംബന്ധിച്ച് പോലീസ് വിശദമായ റിപ്പോർട്ട് ബഹു.പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അതേതുടർന്ന് ബഹു.കോടതി വിറ്റ്നസ്സ് പ്രൊട്ടക്ഷൻ സെല്ല് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സാക്ഷികൾക്കും പ്രോസിക്യൂഷൻ വിഭാഗത്തിനും ആവശ്യമായ എല്ലാ സഹായവും പോലീസ് നൽകി വരുന്നുണ്ട്.** |

| | | | |
|---|---|---|---|
| | | | പ്രോസികൃഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് വനംവകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഈ കേസിലെ പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിനു സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. |
| (സി) | എങ്കിൽ ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | വിചാരണയ്ക്കിടെ സാക്ഷികൾ പ്രോസികൃഷനെതിരെ മൊഴി നൽകിയതിനെ തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡി.വൈ.എസ്.പി. പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹു.കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ, കേസിൽ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമം നടക്കുന്നതായി ബഹു.കോടതി മുമ്പാകെ ലഭ്യമായ രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച് ബഹു.കോടതി 20.08.2022.ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂറുമാറിയ സാക്ഷികൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 193 വകുപ്പ് പ്രകാരം ബഹു.കോടതിയാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇത് സംബന്ധിച്ച് പോലീസ് വിശദമായ റിപ്പോർട്ട് ബഹു.പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അതേത്തുടർന്ന് ബഹു.കോടതി വിറ്റ്നസ്സ് പ്രൊട്ടക്ഷൻ സെല്ല് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സാക്ഷികൾക്കും പ്രോസികൃഷൻ വിഭാഗത്തിനും ആവശ്യമായ എല്ലാ സഹായവും പോലീസ് നൽകി വരുന്നുണ്ട്.<br><br>പ്രോസികൃഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് വനംവകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഈ കേസിലെ പ്രതികൾക്ക് അർഹമായ ശിക്ഷ |

| | | | |
|---|---|---|---|
| | | | **ലഭിക്കുന്നതിനു സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും.** |

സെക്ഷൻ ഓഫീസർ